# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4789    27.10.2016 ൽ മറുപടിക്ക്**

**റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള അപകടങ്ങളിൽ പ്പെട്ടവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; | എ) | സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളിൽ കുഴികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ അടച്ച് അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. റോഡുകളിലെ കുഴികളിൽ വീണ് അപകടത്തിൽ പ്പെട്ടവർക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും നഷ്ടപരിഹാരം നൽകി വരുന്നില്ല. |
| ബി) | ഇത്തരത്തിൽ അപകടത്തിൽ പ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം റോഡുകൾ യഥാസമയം പുനർനിർമ്മിക്കുന്നതിന് നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ച് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശമെന്തെങ്കിലും സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുമോ ? | ബി) | റോഡുകളിലെ കുഴികളിൽ വീണ് അപകടത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം റോഡുകൾ യഥാസമയം പുനർനിർമ്മിക്കുന്നതിന് നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശങ്ങളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ